ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

DATE: 19.10.2025 | പ്രധാന വാർത്തകൾ | TIME : 12.50 PM

1. നാലു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ചൊവ്വാഴ്ച കേരളത്തിലെത്തും.

   **President Draupadi Murmu will arrive in Kerala on Tuesday for a four-day visit.**

2. ദീപാവലി ആഘോഷ നിറവിൽ രാജ്യം; അയോധ്യയിൽ 9-ാമത് വാർഷിക ദീപോത്സവ ചടങ്ങുകൾ ഇന്ന് വൈകിട്ട് നടക്കും.

   **The country is in the midst of Diwali celebrations; the 9th annual Deepotsavam ceremonies will be held in Ayodhya this evening.**

3. ദീപാവലിയോട് അനുബന്ധിച്ച് റയിൽവേ ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ വിലയിരുത്തി കേന്ദ്ര മന്ത്രി അശ്വിനി വൈഷ്ണവ്. ന്യൂ ഡൽഹി റെയിൽവേ സ്റ്റേഷൻ കേന്ദ്രമന്ത്രി സന്ദർശിച്ചു.

   **Union Minister Ashwini Vaishnav reviewed the arrangements made by the Railways on the occasion of Diwali. The Union Minister visited the New Delhi Railway Station.**

4. കേരളത്തിൽ തുലാ വർഷം ശക്തിപ്രാപിച്ചു. കേരള, കർണാടക ലക്ഷദ്വീപ്, തീരങ്ങളിൽ മത്സ്യബന്ധനത്തിന് ബുധനാഴ്ചവരെ വിലക്ക്.

**Monsoon has gained strength in Kerala. Fishing has been banned in the coasts of Kerala, Karnataka and Lakshadweep till Wednesday.**

5. അതിർത്തി കടന്നുള്ള പോരാട്ടത്തിനൊടുവിൽ അടിയന്തര വെടിനിർത്തലിന് സമ്മതിച്ച് പാകിസ്ഥാനും അഫ്ഗാനിസ്ഥാനും.

**Pakistan and Afghanistan agree to an emergency ceasefire after the cross-border clash.**

6. ഇന്ത്യ - ഓസ്ട്രേലിയ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ ഏകദിന മത്സരം മഴ മൂലം വീണ്ടും തടസ്സപ്പെട്ടു.

**The first ODI of the India-Australia cricket series has been interrupted again due to rain.**

☸☸☸☸☸☸☸☸☸☸☸☸☸

## PRESIDENT - KERALA VISIT

നാലു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു ചൊവ്വാഴ്ച കേരളത്തിലെത്തും. 22 ന് രാഷ്ട്രപതി ശബരിമലയിൽ ദർശനം നടത്തും. 23 ന് രാവിലെ രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ അർധകായ പ്രതിമ ശ്രീമതി മുർമു അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദി ആചരണത്തിലും രാഷ്ട്രപതി മുഖ്യാതിഥിയാകും. പാലാ സെന്റ് തോമസ് കോളജിലും എറണാകുളം സെന്റ് തെരേസാസ് കോളജിലും വിവിധ പരിപാടികളിൽ രാഷ്ട്രപതി പങ്കെടുക്കും.

*******************

## DIWALI (INTRO)

ദീപാവലി ആഘോഷ നിറവിൽ രാജ്യം. നാളെയാണ് ദീപാവലി. ഒരാഴ്ചയോളം നീണ്ടു നിൽക്കുന്ന ആഘോഷങ്ങളാണ് വിവിധ സംസ്ഥാനങ്ങളിൽ നടക്കുന്നത്.

**ഒരു റിപ്പോർട്ട്....**

*(വോയിസ്)*

*അയോധ്യയിൽ 9-ാമത് വാർഷിക ദീപോത്സവചടങ്ങുകൾ ഇന്ന് വൈകിട്ട് നടക്കും. നഗരത്തിലുടനീളം ദീപങ്ങൾ തെളിയിക്കാനുള്ള ഒരുക്കങ്ങൾ പൂർത്തിയായി. പുതിയ ലോക റെക്കോർഡ് സൃഷ്ടിക്കുന്നത് ലക്ഷ്യമിട്ട് 33 ആയിരം സന്നദ്ധപ്രവർത്തകർ ചേർന്ന് 26 ലക്ഷത്തി 11,101 വിളക്കുകൾ തെളിയിക്കാനാണ് ലക്ഷ്യമിടുന്നത്. തദ്ദേശ ഭരണകൂടം, സാംസ്കാരിക സംഘടനകൾ, ഡോ. റാം മനോഹർ ലോഹ്യ അവധ് സർവകലാശാല എന്നിവചേർന്നാണ് പരിപാടി സംഘടിപ്പിക്കുന്നത്. ആകാശത്ത് രാമായണത്തിലെ രംഗങ്ങൾ പ്രദർശിപ്പിക്കുന്ന ഡ്രോൺ ഷോ, 3D ഹോളോഗ്രാഫിക് ലേസർ ഷോ എന്നിവയും നടക്കും. ഭഗവാൻ ശ്രീരാമന്റെ തിരിച്ചുവരവിന്റെ ആഘോഷമായാണ് ദീപോത്സവം നടത്തുന്നത്. അയോധ്യയിലേതിന് സമാനമായി രാജ്യ തലസ്ഥാനത്തും ദീപോത്സവം സംഘടിപ്പിച്ചു. കർതവ്യ പാതയിൽ ചരിത്രത്തിലാദ്യമായി ഒരു ലക്ഷത്തി അമ്പത്തിയൊന്നായിരം ദീപങ്ങൾ തെളിയിച്ചു. ആഘോഷ പരിപാടികൾ മുഖ്യമന്ത്രി രേഖ ഗുപ്ത ഉദ്ഘാടനം ചെയ്തു. ഡൽഹിയിൽ ആഘോഷങ്ങളുടെ ഭാഗമായി ഹരിത പടക്കങ്ങൾക്ക് സുപ്രീം കോടതി അനുമതി നൽകി. രാവണന്റെ വധത്തിന് ശേഷം അയോധ്യയിലേക്ക് തിരിച്ച് വരുന്ന രാമനെയും, സീതയെയും, ലക്ഷ്മണനെയും ഹനുമാനെയും വരവേറ്റ ഓർമ്മയ്ക്കായാണ് ഈ ദിവസം ആചരിക്കുന്നത്. നരാകാസുരനെ കൃഷ്ണൻ വധിച്ചതിന്റെ*

*അടയാളപ്പെടുത്തിലായും ദീപാവലി ആഘോഷിക്കപ്പെടുന്നു. ന്യൂസ് ഡെസ്ക് ആകാശവാണി*

********************

## DIWALI TRAVEL RUSH

ദീപാവലി അവധി കണക്കിലെടുത്ത് ഇന്ത്യൻ റെയിൽവേ രാജ്യവ്യാപകമായി നൂറുകണക്കിന് പ്രത്യേക ട്രെയിനുകൾ സർവീസ് ആരംഭിച്ചു. ഉത്തർപ്രദേശിലേക്കും, ബീഹാറിലേക്കുമാണ് യാത്രക്കാർ കൂടുതലുള്ളത്. തമിഴ്നാട്ടിൽ സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ 20,000-ത്തിലധികം പ്രത്യേക ബസുകൾ സർവീസ് നടത്തുന്നുണ്ടെങ്കിലും പ്രധാന ബസ് ടെർമിനലുകളിലും റെയിൽവേ സ്റ്റേഷനുകളിലും ഇപ്പോഴും തിരക്കാണ്. അതേസമയം, ആഭ്യന്തര വിമാന നിരക്കുകളും ഗണ്യമായി വർദ്ധിച്ചു.

********************

## VIASHNAW- INSPECTION (INTRO)

ന്യൂഡൽഹി റെയിൽവേ സ്റ്റേഷനിൽ മിന്നൽ സന്ദർശനം നടത്തി കേന്ദ്ര റെയിൽവേ മന്ത്രി അശ്വിനി വൈഷ്ണവ്. ഇന്നലെ രാത്രി റെയിൽവേ സ്റ്റേഷനിൽ എത്തിയ അദ്ദേഹം ദീപാവലിയോട് അനുബന്ധിച്ച് സ്റ്റേഷനിൽ ഏർപ്പെടുത്തിയവിവിധ ക്രമീകരണങ്ങൾ വിലയിരുത്തി. ദീപാവലി തിരക്ക് പരിഗണിച്ച് രാജ്യത്തുടനീളം ഏകദേശം 12,000 പ്രത്യേക ട്രെയിനുകൾ സർവീസ് നടത്തുന്നുണ്ടെന്ന് റെയിൽവേ മന്ത്രി അറിയിച്ചു. യാത്രക്കാരുടെ സൗകര്യാർത്ഥം റെയിൽവേ ജീവനക്കാർ 24 മണിക്കൂറും പ്രവർത്തിച്ചുവരികയാണെന്നും അദ്ദേഹം പറഞ്ഞു

(വോയിസ്)

********************

## BIHAR-POLLS

ബീഹാറിൽ നിയമസഭാ സീറ്റ് വിഭജനം സംബന്ധിച്ച് കോൺഗ്രസ് ഉൾപ്പെടുന്ന മഹാസഖ്യത്തിലെ ഘടകകക്ഷികൾക്കിടയിൽ അന്തിമ ധാരണയായില്ല. രണ്ട് ഘട്ട നിയമസഭാ തെരഞ്ഞെടുപ്പിന്റെ ആദ്യ ഘട്ടത്തിലേക്കുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കൽ വെള്ളിയാഴ്ച അവസാനിച്ചിട്ടും സീറ്റ് വിഭജനം പ്രഖ്യാപിക്കാൻ കഴിഞ്ഞില്ല. ആദ്യ ഘട്ടത്തിൽ വോട്ടെടുപ്പ് നടക്കുന്ന നിരവധി മണ്ഡലങ്ങളിൽ കോൺഗ്രസ്, ആർജെഡി, ഇടതുപക്ഷ പാർട്ടികൾ എന്നിവയിൽ നിന്നുള്ള സ്ഥാനാർത്ഥികൾ പരസ്പരം മത്സരിക്കുകയാണ്. നിലവിലുള്ള പ്രതിസന്ധി പരിഹരിക്കണമെന്ന് ആർ.ജെ.ഡി നേതാവും മഹാസഖ്യ തിരഞ്ഞെടുപ്പ് ഏകോപന സമിതി ചെയർമാനുമായ തേജസ്വി പ്രസാദ് യാദവിനോട് കോൺഗ്രസ് അഭ്യർത്ഥിച്ചു. അതിനിടെ, കോൺഗ്രസ് ഇന്നലെ രാത്രി അഞ്ച് സ്ഥാനാർത്ഥികളുടെ രണ്ടാമത്തെ പട്ടിക പുറത്തിറക്കി.

********************

## GST REFORMS- ELECTRONICS

പുതിയ ജി എസ് ടി പരിഷ്ക്കാരങ്ങൾ രാജ്യത്തെ എല്ലാ വിഭാഗങ്ങൾക്കും പ്രയോജനപ്പെടുകയാണ്. ഇലക്ട്രോണിക്സ് മേഖലയിലെ മാറ്റങ്ങളാണ് ഇതിൽ ശ്രദ്ധേയം. ഗാർഹിക ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ താങ്ങാനാവുന്ന വിലയിൽ ലഭ്യമാക്കാൻ സാധിച്ചത് സാധാരണക്കാർക്ക് ഏറെ സഹായകമായി. എയർ കണ്ടീഷ്ണറുകൾ, ഡിഷ് വാഷർ, ടെലിവിഷൻ തുടങ്ങിയവയുടെ ജി എസ് ടി നിരക്ക് 28 ശതമാനത്തിൽ നിന്ന് 18 ആയി കുറച്ചിട്ടുണ്ട്. മോണിറ്ററുകൾ, പ്രൊജക്റ്ററുകൾ തുടങ്ങിയവയുടെ ജി എസ് ടി നിരക്ക് 28 ൽ നിന്ന് 18 ശതമാനമാക്കിയതിലൂടെ രാജ്യത്തെ സ്റ്റാർട്ടപ്പ് മേഖലയ്ക്കും പുതിയ ഉണർവ് നൽകി.

********************

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26 ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

********************

## RAJNATH- POLICE COMMEMORATION DAY

പോലീസ് സ്മൃതി ദിനത്തിൽ ന്യൂഡൽഹിയിലെ ദേശീയ പോലീസ് സ്മാരകത്തിൽ രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിങ് ചൊവ്വാഴ്ച ശ്രദ്ധാഞ്ജലി അർപ്പിക്കും. 1959 ഒക്ടോബർ 21 ന് ലഡാക്കിൽ ചൈനീസ് സേനയുമായി ഉണ്ടായ ഏറ്റുമുട്ടലിൽ 10 പോലീസുകാരുടെ ജീവത്യാഗം അനുസ്മരിക്കുന്നതിനാണ് പോലീസ് സ്മൃതി ദിനം ആചരിക്കുന്നത്. വിവിധ കേന്ദ്ര സായുധ സേന വിഭാഗങ്ങളുടെയും ഡൽഹി പൊലീസിന്റേയും സംയുക്ത പരേഡും നടക്കും.

********************

## RAIN KERALA GENERAL

കേരളത്തിൽ തുലാ വർഷം ശക്തിപ്രാപിച്ചു. വ്യാപകമഴയിൽ സംസ്ഥാനത്ത് പരക്കെ നാശനഷ്ടങ്ങളുണ്ടായി. ഇടുക്കി മുല്ലപ്പെരിയാർ ഡാമിൽ നിന്നും കൂടുതൽ ജലം പുറത്തേക്ക് ഒഴുക്കാൻ തുടങ്ങിയതോടെ പെരിയാറിൽ ജലനിരപ്പ് ഉയർന്നു. നിറഞ്ഞൊഴുകുന്ന പെരിയാറിന്റെ ഇരുകരകളിലുമുള്ള വീടുകളിൽ വെള്ളം കയറി. എറണാകുളം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിലും ലക്ഷദ്വീപിലും ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. മറ്റെല്ലാ ജില്ലകളിലും മഞ്ഞ ജാഗ്രതാ നിർദേശവും നൽകിയിട്ടുണ്ട്. വിവിധ അണക്കെട്ടുകളുടെ ഷട്ടറുകൾ ഉയർത്തിയതിനാൽ നദീ

തീരങ്ങളിലുള്ളവർക്ക് ജാഗ്രതാ നിർദ്ദേശമുണ്ട്. മോശം കാലാവസ്ഥ കണക്കിലെടുത്ത് കേരള, കർണാടക ലക്ഷദ്വീപ്, തീരങ്ങളിൽ ബുധനാഴ്ചവരെ മത്സ്യബന്ധനത്തിന് വിലക്ക് ഏർപ്പെടുത്തി.

********************

## K RAJAN (INTRO)

സംസ്ഥാനത്തെ മഴക്കെടുതി സംബന്ധിച്ച് റവന്യൂ മന്ത്രി കെ രാജൻ ജില്ലാ കളക്ടർമാരുമായി ആശയ വിനിമയം നടത്തി. മഴ രൂക്ഷമാകാൻ സാധ്യതയുള്ളതിനാൽ വരുന്ന ഒരാഴ്ച പൊതുജനങ്ങളും അധികൃതരും ശക്തമായ ജാഗ്രത പുലർത്തണമെന്നും റവന്യൂ മന്ത്രി പറഞ്ഞു.

(വോയിസ്......)

********************

## CM-INFOPARK

കൊച്ചി ഇൻഫോപാർക്കിന്റെ നാലാം ഘട്ട വികസനത്തിനായി 33.5 ഏക്കർ ഭൂമി കൈമാറാൻ തീരുമാനിച്ചതായി മുഖ്യമന്ത്രി പിണറായി വിജയൻ. ഇരുമ്പനത്തുള്ള ട്രാക്കോ കേബിൾ കമ്പനിയുടെ ഭൂമിയാണ് 200 കോടി രൂപയ്ക്ക് ഇൻഫോ പാർക്കിന് കൈമാറുക. കേരളത്തിന്റെ വ്യാവസായിക തലസ്ഥാനമെന്ന നിലയിൽ കൊച്ചിയുടെ സ്ഥാനം ശക്തമാക്കുന്നതിൽ ഐ.ടി. ടൗൺഷിപ്പ് വികസനം നിർണ്ണായക പങ്ക് വഹിക്കുമെന്ന് മുഖ്യമന്ത്രി പറഞ്ഞു. ഇതുവഴി 3,000 കോടി രൂപയുടെ നേരിട്ടുള്ള നിക്ഷേപം ആകർഷിക്കാനും നേരിട്ടുള്ള 50,000 ഐ.ടി. തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കുമെന്ന് അദ്ദേഹം സമൂഹ മാധ്യമത്തിൽ കുറിച്ചു.

********************

## AFGHANISTAN- CEASEFIRE

അതിർത്തി കടന്നുള്ള പോരാട്ടത്തിനൊടുവിൽ അഫ്ഗാനിസ്ഥാനും പാകിസ്ഥാനും അടിയന്തര വെടിനിർത്തലിന് സമ്മതിച്ചു. ഖത്തർ വിദേശകാര്യ മന്ത്രാലയമാണ് ഇക്കാര്യം അറിയിച്ചത്. ഖത്തറും തുർക്കിയും മധ്യസ്ഥരായി ഇന്നലെ ദോഹയിൽ നടന്ന ചർച്ചയിലാണ് ഇരു രാജ്യങ്ങളും തമ്മിൽ ധാരണയിലെത്തിയത്. ചർച്ചകൾക്കിടെ ഇരു രാജ്യങ്ങളും അടിയന്തര വെടിനിർത്തലിനും തുടർ യോഗങ്ങൾ നടത്താനും സമ്മതിച്ചതായി ഖത്തർ വിദേശകാര്യ മന്ത്രാലയം പ്രസ്താവനയിൽ അറിയിച്ചു.

********************

## DAY IND VS AUS

ഇന്ത്യ - ഓസ്ട്രേലിയ ക്രിക്കറ്റ് പരമ്പരയിലെ ആദ്യ ഏകദിന മത്സരം ¬മഴ മൂലം രണ്ടു തവണ തടസപ്പെട്ടു. ആദ്യം നിർത്തി വെച്ച മൽസരം പുനരാരംഭിച്ചെങ്കിലും 14 ഓവറിൽ തടസപ്പെടുകയായിരുന്നു.ടോസ് നേടിയ ഓസ്ട്രേലിയ ബൗളിംഗ് തിരഞ്ഞെടുക്കുകയായിരുന്നു. 35 ഓവറായി ചുരുക്കിയ മത്സരത്തിൽ ഇന്ത്യ 14.2 ഓവറിൽ 4 വിക്കറ്റ് നഷ്ടത്തിൽ 46 റൺസെന്ന നിലയിലാണ്.

********************

## WOMENS CRICKET

ഐസിസി വനിതാ ഏകദിന ലോകകപ്പ് ക്രിക്കറ്റിൽ ഇന്ത്യ ഇന്ന് ഇംഗ്ലണ്ടിനെ നേരിടും. മധ്യപ്രദേശിലെ ഇൻഡോറിൽ ഉച്ചകഴിഞ്ഞ് 3 മണിക്കാണ് മത്സരം. ഹർമൻപ്രീത് കൗറിന്റെ നേതൃത്വത്തിലുള്ള ഇന്ത്യൻ സംഘം തുടർച്ചയായ രണ്ട് തോൽവികൾക്ക് ശേഷം തിരിച്ചുവരവ് ലക്ഷ്യമിട്ടാണ് ഇന്ന് ഇറങ്ങുന്നത്.

********************

## BADMINTON

ഗുവാഹത്തിയിൽ നടക്കുന്ന ലോക ജൂനിയർ ബാഡ്മിന്റൺ ചാമ്പ്യൻഷിപ്പിൽ വനിത സിംഗിൾസ് ഫൈനലിൽ ഇന്ത്യയുടെ തന് വി ശർമ ഇന്ന് മത്സരിക്കും. തായ് ലന്റ് താരത്തെയാണ് തന് വി നേരിടുന്നത്.

*

********

*******************************